# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 320**

**28/06/2011-ൽ മറുപടിക്ക്**

## കുടുംബശ്രീ പദ്ധതി ശക്തിപ്പെടുത്തുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ**

കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**ഉത്തരം**

**ഡോ. എം. കെ. മുനീർ**
**(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)**

സാമ്പത്തിക-സാമൂഹിക സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി നേതൃത്വം നൽകാൻ കഴിയുന്ന തരത്തിൽ ത്രിതല സംഘടനാ ഭാരവാഹികളെ പ്രാപ്തമാക്കുന്നതിനുള്ള പരിശീലന പരിപാടിക്ക് രൂപം നല്കും. ഇതിന്റെ ഭാഗമായി പ്രാദേശിക സാമ്പത്തിക വികസനത്തിൽ കുടുംബശ്രീ സംവിധാനത്തെ പ്രയോജനപ്പെടുത്തുന്നതിനും പഞ്ചായത്ത്, വിവിധ വികസന ഏജൻസികളുടെ പദ്ധതിയുമായി സി.ഡി.എസ്. ആക്ഷൻ പ്ലാനിന്റെ സംയോജന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും സി.ഡി.എസ്. ഭാരവാഹികൾക്കും പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമുള്ള പ്രത്യേക പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും സാമൂഹ്യാധിഷ്ഠിത ആസൂത്രണത്തിനും നിർവ്വഹണത്തിനുമായി പഞ്ചായത്തിന് കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ പരിപാടികൾ സംയോജിപ്പിക്കും.

ഇനിയും അയൽക്കൂട്ടത്തിൽ അംഗങ്ങളല്ലാത്ത ബി. പി. എൽ. കുടുംബങ്ങളെ കണ്ടെത്തുന്നതിനും, അയൽക്കൂട്ടങ്ങളിൽ **അംഗങ്ങളാക്കുന്നതിനും,** പുതിയ അയൽക്കൂ

ട്ടങ്ങൾ രൂപീകരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ തിട്ടപ്പെടുത്തി അവിടെ പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. എസ്‌സി, എസ് ടി കുടുംബങ്ങൾ, തീരദേശ മത്സ്യ തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, പരമ്പാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, മറ്റ് ബി.പി.എൽ. കുടുംബങ്ങൾ തുടങ്ങിയ എല്ലാവരേയും സമ്പൂർണ്ണമായി കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കൂടാതെ കുടംബശ്രീയുടെ ലഘുസമ്പാദ്യ വായ്പാ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പ്രത്യേക കർമ്മപരിപാടിയും തയ്യാറാക്കിയിട്ടുണ്ട്. സ്വകാര്യ ലഘു വായ്പാ ഏജൻസികളുടെയും മണി ചെയിൻ സംഘങ്ങളുടെയും വായ്പാ കെണിയിൽ അയൽക്കൂട്ടാംഗങ്ങൾ പെടാതിരിക്കുന്നതിന് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക വിദ്യാഭ്യാസ പരിപാടിയ്ക്കും രൂപം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ